# <u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

## <u>റദ്ദാക്കൽ വിജ്ഞാപനം</u>

DR1-2/1/2024-KPSC　　　　　　　　　　　　　　　തിരുവനന്തപുരം,2025 നവംബർ 25

സാമൂഹ്യനീതി/വനിതാ ശിശു വികസന വകുപ്പിലെ മേട്രൺ ഗ്രേഡ് I തസ്തികയുടെ സ്പെഷ്യൽ റൂളിലെ ഭിന്നശേഷിക്കാർ ടി തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല എന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് 17.10.2024 തീയതിയിലെ G.O.(P) No.13/2024/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി തസ്തികയുടെ 4% ഒഴിവുകൾ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നത് എന്നതിനാൽ, 30.10.2024 തീയതിയിലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 386/2024 ആയി പ്രസിദ്ധപ്പെടുത്തിയ മലപ്പുറം, കാസറഗോഡ് ജില്ലകളിലെ സാമൂഹ്യനീതി/വനിതാ ശിശു വികസന വകുപ്പിലെ മേട്രൺ ഗ്രേഡ് I തസ്തികയുടെ വിജ്ഞാപനത്തിൽ ഇനം 4 "ഒഴിവുകളുടെ എണ്ണം" എന്ന ശീർഷകത്തിന് താഴെ കുറിപ്പ് (iv) ആയി "ആകെ *റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളിൽ 4% ഒഴിവുകൾ 17.10.2024 തീയതിയിലെ* G.O.(P) No.13/2024/SJD നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കായി *സംവരണം ചെയ്തിരിക്കുന്നു"* എന്നത് ഉൾപ്പെടുത്തിക്കൊണ്ടും, പ്രസ്തുത വിജ്ഞാപനത്തിലെ ഇനം 5 -ലെ കുറിപ്പ് (2) ആയി ഉൾപ്പെടുത്തിയിരുന്ന "ഭിന്നശേഷിക്കാർ ഈ തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ അർഹരല്ല" എന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ടും 12.12.2024 തീയതിയിൽ പുറപ്പെടുവിച്ച കൂട്ടിച്ചേർക്കൽ/തിരുത്തൽ വിജ്ഞാപനം ഇതിനാൽ റദ്ദ് ചെയ്യുന്നു.

പ്രസ്തുത വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

(കമ്മീഷൻ ഉത്തരവിൻ പ്രകാരം)

**സാജു ജോർജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

# KERALA PUBLIC SERVICE COMMISSION

## CANCELLATION NOTIFICATION

DR1-2/1/2024-KPSC Thiruvananthapuram,25th November 2025

The Government Order No.GO (P) 13/2024/SJD dated 17.10.2024 identifying eligible DA categories for 4% reservation in the post of Matron Gr.I in Social Justice/Women and Child Development Department is against the clause in the Special Rules which states that Differently Abled persons are not eligible to apply for the post. Therefore, the Addendum/Erratum Notification No. DR1-2/1/2024 issued on 12/12/2024 adding the note(iv) under item 4, Number of Vacancies, “4% of the total fresh vacancies reported shall be reserved for Differently Abled persons with disabilities as specified vide GO (P) No. 13/2024/SJD dated 17.10.2024.” and deleting the entry under item 5, Note (2), “Differently abled candidates are not eligible to apply for the post” in the Notification for selection to the post of Matron Gr.I in Social Justice/Women and Child Development Department in Malappuram and Kasaragod Districts, published as Cat.No. 386/2024 in the Extraordinary Gazette dated 30.10.2024, is hereby cancelled.

All other conditions of the aforesaid notification remain unchanged.

(By Order of the Commission)

SAJU GEORGE
SECRETARY
KERALA PUBLIC SERVICE COMMISSION